# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ക്ലാപ്പന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: **doklm.ksad@kerala.gov.in**
ഫോൺ : **0474-2740141**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി8/1862/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/09/2025
ഇ-മെയിൽ:
doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ **2024-2025** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം.പി8/1862/25 തീയ്യതി: 29/09/2025

## കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 21-08-2025 | 30-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-08-2025 | 30-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ലാലു ആർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിവ്യ ജെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രശ്മി വി, ഓഡിറ്റർ
ശ്രീ. അഖിൽ ആർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനിമോൾ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.സന്തോഷ് വർഗീസ് | സെക്രട്ടറി | 01-04-2024 | 07-04-2024 |
| ശ്രീമതി.ഹസിത എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-04-2024 | 15-04-2024 |
| ശ്രീമതി.അനു.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-04-2024 | 28-04-2024 |
| ശ്രീ.സന്തോഷ് വർഗീസ് | സെക്രട്ടറി | 29-04-2024 | 18-12-2025 |
| ശ്രീമതി.അനു.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-12-2024 | 22-01-2025 |
| ശ്രീ.സന്തോഷ് വർഗീസ് | സെക്രട്ടറി | 23-01-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഹസിത എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 15-04-2024 |
| ശ്രീ.എ എ നിസാർ | അസിസ്റ്റന്റ്റ് സെക്രട്ടറി ഇൻ ചാർജ് | 16-04-2024 | 14-07-2024 |
| ശ്രീമതി.ഹസിത എ | അസിസ്റ്റന്റ് സെക്രട്ടറി | 15-07-2024 | 08-08-2024 |
| ശ്രീമതി.അനു.എസ് | അസിസ്റ്റന്റ്റ് സെക്രട്ടറി ഇൻ ചാർജ് | 09-08-2024 | 26-08-2024 |
| ശ്രീമതി.ഹസിത എ | അസിസ്റ്റന്റ് സെക്രട്ടറി | 27-08-2024 | 27-11-2024 |
| ശ്രീമതി.അനു.എസ് | അസിസ്റ്റന്റ്റ് സെക്രട്ടറി | 28-11-2024 | 27-12-2024 |

| | | | |
|---|---|---|---|
| | ഇൻ ചാർജ് | | |
| ശ്രീമതി.ഹസിത എ | അസി.സെക്രട്ടറി | 28-12-2024 | 31-03-2025 |
| ശ്രീമതി.നിള ഹിരൺ | അസിസ്റ്റന്റ് എഞ്ചിനീയർ,എൽ എസ് ജി ഡി | 01-04-2024 | 31-03-2025 |
| ശ്രീമതി.സനൂജ.കെ.എസ് | വി ഇ ഓ-1 | 01-04-2024 | 31-03-2025 |
| ശ്രീമതി.ജിൻസി ജേക്കബ് | വി ഇ ഓ-2 | 01-04-2024 | 31-03-2025 |
| ശ്രീമതി.ഡോ.രജിത.കെ.എസ് | വെറ്ററിനറി സർജൻ | 01-04-2024 | 26-09-2024 |
| ശ്രീ.ഡോ.രാജേഷ് | വെറ്ററിനറി സർജൻ | 27-09-2024 | 13-11-2024 |
| ശ്രീ.ഡോ.ബിജു.വി | വെറ്ററിനറി സർജൻ | 14-11-2024 | 31-03-2025 |
| ശ്രീമതി.ഡോ.ഷൈല മാത്യു | മെഡിക്കൽ ആഫീസർ,PHC | 01-04-2024 | 31-03-2025 |
| ശ്രീമതി.ഡോ ഷാമില | മെഡിക്കൽ ആഫീസർ,ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രീതാകുമാരി.ബി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി രശ്മി രവീന്ദ്രൻ | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി ധന്യ.റ്റി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 08-08-2024 |
| ശ്രീമതി രാഖി.റ്റി സാജൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 09-08-2024 | 23-08-2024 |
| ശ്രീമതി വിജയലക്ഷ്മി.വി.എ | ഐ സി ഡി എസ് സൂപ്പർവൈസർ | 24-08-2024 | 31-03-2025 |
| ശ്രീമതി ഡോ.മീര.ആർ | മെഡിക്കൽ ആഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ.ദിലീപ്കുമാർ.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സംഗീത.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 20-07-2024 |
| ശ്രീമതി കലാ രഞ്ജിനി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-07-2024 | 31-03-2025 |
| ശ്രീമതി വിജിത കെ സേനൻ | എ ഇ ,എം ജി എൻ ആർ ഇ ജി എസ് | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-2 |
| 4 | ലൈഫ് സ്റ്റേറ്റ് ഷെയർ സുലേഖ ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | B9 ൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയ തുക കൃത്യമല്ല | 1-1-5 |
| 7 | കോമ്പൗണ്ടിംഗ് ഫീസ് തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി | 1-1-6 |
| 8 | പേയ്മെന്റ് ആയ തുക ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തി | 1-1-7 |
| 9 | ലോണിന്റെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല | 1-1-8 |
| 10 | B18 ൽ ഉൾപ്പെട്ട തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | വസ്തു നികുതി ഈടാക്കുന്നതിൽ അപാകതകൾ | 1-11 |
| 21 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ | 1-12 |
| 22 | തൊഴിൽ നികുതി-സ്ഥാപനനികുതി ഈടാക്കിയില്ല | 1-13 |
| 23 | ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല. | 1-14 |
| 24 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-15 |
| 25 | സെക്രട്ടറിയുടെ പ്രോജക്ടുകൾ- വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം | 1-16 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല | |
| 26 | അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ-ആരോഗ്യവുമായി ബന്ധപ്പെട്ട ഇടപെടീൽ-മരുന്ന് പൂർണ്ണമായി ലഭ്യമായില്ല | 1-17 |
| 27 | "ആർദ്രം പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കൽ" പദ്ധതി-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ജീവനക്കാരെ നിയമിച്ചു. | 1-18 |
| 28 | തെരുവ് വിളക്ക് പരിപാലനം- അപാകതകൾ | 1-19 |
| 29 | മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ്-ഒരു ലാപ്പ് ടോപ്പ് വിതരണം ചെയ്തില്ല | 1-20 |
| 30 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ | 1-21 |
| 31 | പൊതു ടാപ്പുകളുടെ വെള്ളക്കരം- ഗ്രാമ പഞ്ചായത്തിന് വലിയ തുക ബാദ്ധ്യതയായി നിൽക്കുന്നു | 1-22 |
| 32 | പത്ര പരസ്യത്തിന് രണ്ട് തവണ തുക നൽകി | 1-23 |
| 33 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-24 |
| 34 | ജൽജീവൻ മിഷൻ അവലോകനം | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പത്ര പരസ്യത്തിന് രണ്ട് തവണ തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |

| | | |
|---|---|---|
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.6.2025 തീയതിയിലെ 2(2) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 16.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി: 29.09.2025

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-2 വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവുകളും സുലേഖ പ്രകാരമുള്ള ചെലവുകളും വ്യത്യാസപ്പെട്ടിരിക്കുന്നു

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.
വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സുലേഖ പത്രിക പ്രകാരമുള്ള ചെലവ് ₹ | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് ₹ |
|---|---|---|
| വികസനഫണ്ട് ജനറൽ | 1,58,15,375/- | 1,58,93,000/- |

സുലേഖ പത്രിക പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം 77,625/-രൂപ, പ്രോജക്ട് നം. 170/25 പ്രകാരമുള്ള ചെലവ് 77,625/-രൂപ സുലേഖ പത്രികയിൽ ഉൾപ്പെടാത്തതിനാൽ ഉണ്ടായതാണ്.

## 1-1-3 ലൈഫ് സ്റ്റേറ്റ് ഷെയർ സുലേഖ ചെലവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് സ്റ്റേറ്റ് ഷെയർ സുലേഖ ചെലവ് പത്രിക ചെലവും വാർഷിക കണക്ക് പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.
വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സുലേഖ പത്രിക | വാർഷിക ധനകാര്യ | വ്യത്യാസം |
|---|---|---|---|

| | പ്രകാരമുള്ള ചെലവ് ₹ | പത്രിക പ്രകാരമുള്ള ചെലവ് ₹ | |
|---|---|---|---|
| ലൈഫ് സ്റ്റേറ്റ് ഷെയർ | 65,51,400/- | 65,13,819/- | 37,581/- |

സുലേഖ പത്രിക പ്രകാരമുള്ള ചെലവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും തമ്മിലുള്ള വ്യത്യാസം 37,581/-രൂപ. പ്രോജക്ട് നം. 81/25 പ്രകാരമുള്ള ലൈഫ് സ്റ്റേറ്റ് ഷെയർ ചെലവ് 40,000/-രൂപ സുലേഖ പത്രികയിൽ ഉൾപ്പെട്ടെങ്കിലും പെയ്മെന്റ് ആകാത്തതും, ബാങ്ക് ചാർജ് ഇനത്തിലെ 2,419/-രൂപയും ആണ് വ്യത്യാസത്തിന് കാരണം.

**1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.
വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

**1-1-5 B9 ൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയ തുക കൃത്യമല്ല**

| ഹെഡ് | ഉൾപ്പെട്ട തുക(രൂപ) | ഉൾപ്പെടുത്തേണ്ട തുക(രൂപ) |
|---|---|---|
| 350200207 | 23,920/- | 11,469/- |
| 350200208 | 23,920/- | 11,469/- |

**1-1-6 കോമ്പൗണ്ടിംഗ് ഫീസ് തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി**

350300105-ഹെഡിൽ ഉൾപ്പെട്ട 2,488/- രൂപ കോമ്പൗണ്ടിംഗ് ഫീസ് ഇനമാണ്. ആയത് തെറ്റായ ഹെഡിൽ ഉൾപ്പെടുത്തിയതാണ്.

**1-1-7 പേയ്മെന്റ് ആയ തുക ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തി**

350800102-ഹെഡിൽ ഉൾപ്പെട്ട 55,482/- രൂപ 2024-25 ൽ പേയ്മെന്റ് ആയതാണ്. എന്നാൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്നു.

**1-1-8 ലോണിന്റെ മുന്നിരിപ്പിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല**

ലോണിന്റെ മുന്നിരിപ്പിൽ OB Correction-2,20,000/- രൂപ ഉൾപ്പെടുത്തിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടില്ല. ലോണിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

**1-1-9 B18 ൽ ഉൾപ്പെട്ട തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല**

B18 ൽ 460500201 ഹെഡിൽ (Deposit With Kerala Water Authority) ഉൾപ്പെട്ട 1,55,000/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

**1-2 ബജറ്റ്.**

09.02.2024 ലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 06.02.2025 ലെ 4 (1) നം. തീരുമാന പ്രകാരവും അംഗീകരിച്ചു.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം).**

| | |
|---|---|
| മുന്നിരിപ്പ് | ₹1,20,44,424/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹5,74,08,478/- |
| ആകെ | ₹6,94,52,902/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹5,58,82,722/- |
| നീക്കിയിരിപ്പ് | ₹1,35,70,180/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹12,674/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3,35,738/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു. | 0 | 1,58,93,000/- | 1,58,93,000/- | 1,58,93,000/- | 0/- |
| വികസന ഫണ്ട്-എസ് സി പി | 0 | 44,73,000/- | 44,73,000/- | 44,73,000/- | 0/- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 1,64,47,000/- | 1,64,47,000/- | 1,64,47,000/- | 0/- |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 77,79,000/- | 77,79,000/- | 64,09,934/- | 13,69,066/- |
| സിഎഫ് സി-അൺറ്റൈഡ് | 17,79,448/- | 28,91,695/- | 46,71,143/- | 13,52,024/- | 33,19,119/- |
| സിഎഫ് സി-ടൈഡ് | 5,34,017/- | 61,58,000/- | 66,92,017/- | 27,08,467/- | 39,83,550/- |

മറ്റ് അക്കൗണ്ടുകൾ- സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 47,420/- | 3,85,051/- | 4,32,471/- | 3,85,051/- | 47,420/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 67,00,000/- | 67,00,000/- | 6513819/- | 186181/- |
| ഫിഷറീസ് | 28,369/- | 0 | 28,369/- | 0 | 28,369/- |
| Best Panchayath അവാർഡ്(State) | 3,20,640/- | 0 | 3,20,640/- | 73,560/- | 2,47,080/- |
| സാക്ഷരത | 11,000/- | 0 | 11,000/- | 0 | 11,000/- |
| മറ്റ് ഫണ്ട്-ബഡ്സ് സ്കൂൾ | 7,39,946/- | 0 | 7,39,946/- | 0 | 7,39,946/- |

മറ്റ് അക്കൗണ്ടുകൾ-കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കി ബാക്കി ₹ |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ജി.എസ് | 2/- | 31,76,166/- | 31,76,168/- | 31,76,168/- | 0 |

| | | | | | |
|---|---|---|---|---|---|
| ഐസിഡിഎസ് | 19,03,136/- | 27,27,407/- | 46,30,543/- | 15,68,995/- | 30,61,548/- |
| സമ്പൂർണ്ണ ശുചിത്വം | 11,205/- | 305/- | 11,510/- | 0 | 11,510/- |
| കോവിഡ് റിലീഫ് | 42,386/- | 1,154/- | 43,540/- | 0 | 43,540/- |
| സൻസദ് ആദർശ് യോജന | 9,480/- | 0 | 9,480/- | 0 | 9,480/- |
| ബേബി ഫ്രണ്ടിലി ടോയിലറ്റ് | 51,426/- | 0 | 51,426/- | 0 | 51,426/- |
| ഹെൽത്ത് ഗ്രാന്റ്-ഇൻഫ്രാസ്ട്രക്ചർ | 4,45,279/- | 3,63,155/- | 8,08,434/- | 4,27,985/- | 3,80,449/- |
| ഹെൽത്ത് ഗ്രാന്റ്-റൂറൽ പിഎച്ച്സി | 10,069/- | 5,71,443/- | 5,81,512/- | 0 | 5,81,512/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 22,19,45,088/- | 120 | 7,51,31,426/- | 56 | 43 | 54% |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2/- | 31,76,166/- | 31,76,168/- | 31,76,168/- | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,37,70,651/- | 3,37,70,651/- | 3,37,70,651/- | 0 |
| ആകെ | 2/- | 3,69,46,817/- | 3,69,46,819/- | 3,69,46,819/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 30,50,200/- |
| വിധവാപെൻഷൻ | 1,42,50,600/- |
| വാർദ്ധക്യകാലപെൻഷൻ | 2,67,23,800/- |
| വികലാംഗപെൻഷൻ | 55,31,500/- |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 10,13,600/- |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2025, 03.20 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7,900/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ പ്രതിദിന വരവു തുകകൾ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ILGMS സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 29-ാം ചട്ടത്തിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ അധികാരപ്പെടുത്തി വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്/ഡി.ഡി യായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ജനങ്ങൾക്ക് ഭാരമാകാത്ത രീതിയിൽ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും നിലവിലുള്ള നികുതികൾ പൂർണമായും പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങുമ്പോൾ ഗുണഭോക്താക്കളുടെ യോഗ്യത ഉറപ്പു വരുത്തിയതിനു ശേഷം മാത്രമെ വാങ്ങൽ നടത്താവൂ.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2023 | 10/22 മുതൽ 12/22 വരെ | 07.06.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2018 മുതൽ 01.10.2018 | 2013-14 -മുതൽ 2017-18 വരെ | 31.10.18 |

## 1-11 വസ്തു നികുതി ഈടാക്കുന്നതിൽ അപാകതകൾ

(1) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ടർഫിൽ നിന്ന് വസ്തു നികുതി ഈടാക്കിയ രേഖകൾ ലഭ്യമല്ല. പഞ്ചായത്തിന്റെ തനതു വരുമാനം കൂട്ടുന്നതിന്റെ ഭാഗമായി, ഇത്തരം നിർമ്മിതികളിൽ നിന്നും പെർമിറ്റ്/ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി, കെട്ടിട നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക്, മേൽ ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(2) കേരള തീരദേശ പരിപാലന അതോറിറ്റി ഡയറക്ടറുടെ 06.12.2024 ലെ 3149/എ1/2024/KCZMA ഉത്തരവ് പ്രകാരം CRZ IIIA പരിധി 50 മീറ്ററായി കുറച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ദൂര പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ചതായി കാണുന്നില്ല.

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് CRZ IIIA ദൂരപരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണയിക്കുന്നതിനുള്ള അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ലാത്തതിനാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ടി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി വസ്തുനികുതി പുനർ നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച്, ആയത് ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.**-5/25.08.2025**

## 1-12 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കട വ്യാപാരികൾ, ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ എന്നിവരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇത്തരം വ്യക്തികളുടെ പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം കൂട്ടുന്നതിന്റെ ഭാഗമായി, ഇത്തരം വ്യക്തികളുടെ പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.**6 /26.08.25**

## 1-13 തൊഴിൽ നികുതി-സ്ഥാപനനികുതി ഈടാക്കിയില്ല

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന ഓഡിറ്റോറിയങ്ങൾ/കൺവെൻഷൻ സെന്ററുകൾ, വിമലഹൃദയ ഇംഗ്ലീഷ് മീഡിയം എച്ച്.എസ്, ക്ലാപ്പന നോർത്ത് കയർ വ്യവസായ സഹകരണ സംഘം എന്നീ സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയതായി കണ്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.**6 & 7 /26.08.25**

## 1-14 ലൈഫ് ഭവന പദ്ധതി- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചില്ല.

ലൈഫ് ഭവനപദ്ധതി (ജനറൽ) (Project No. 35)

നിർവഹണ ഉദ്യോഗസ്ഥ : വി.ഇ.ഒ ( ക്ലാപ്പന എ സർക്കിൾ)

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് സബ്സിഡി തുകയുടെ ആദ്യ ഗഡു കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.വിശദവിവരങ്ങൾ ചുവടെ:

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക(രൂപ) | ബിൽ/ചെക്ക് നം/തീയതി |
|---|---|---|
| 1. ശ്രീമതി.വിമല, മനാദികിഴക്കതിൽ | 40,000/- | 24030352096100720694/26.09.24 |
| 2. ശ്രീ.അജയകുമാർ, പ്ലാമൂട്ടിൽ മേക്കതിൽ | 40,000/- | 605358/30.11.24 |
| 3. ശ്രീ.ബിജു, പുതിയപുരയിൽ | 40,000/- | 24030352096100720697/26.9.24 |

ആദ്യഗഡു കൈപ്പറ്റിയിട്ട് ഭവനനിർമ്മാണം ആരംഭിക്കാത്തതിന് വിശദീകരണവും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച തുടർ നടപടി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഭവനപുനരുദ്ധാരണം നാളിതു വരെയും ആരംഭിച്ചിട്ടില്ലെന്നും ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ഇവർക്ക് നൽകിയിട്ടുള്ള തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി **15 /29.08.2025**

## 1-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഹോംകൊ എന്ന സ്ഥാപനത്തിന് മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | പ്രൊഫോർമ ഇൻവോയ്സ് നം./ തീയതി | ചെക്ക് നം./ ബിൽ നം./ തിയതി, ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭ്യമാക്കാനുള്ള മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ 43<br>ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ<br>അടങ്കൽ തുക- 2,00,000/-രൂപ (MGNR)<br>ചെലവ് : 2,00,000/-രൂപ | PF-786 / 05-12-24 | Bill No :321 / 26-12-24 1,32,000/- | 68000/- |
| 2 | പ്രോജക്റ്റ് നമ്പർ 72<br>എൻ എച് എം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ<br>അടങ്കൽ തുക- 2,00,000/-രൂപ (MGNR)<br>ചെലവ് : 2,00,000/-രൂപ | PF-787 / 05-12-24 | Bill No :455 / 12-2-25 : 1,82,262/- | 17,738/- |
| | | | ആകെ>> | 85,738/- |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. ലഭ്യമാകുവാനവശേഷിക്കുന്ന മരുന്നുകളുടെ ചെലവ് തുകയായ 85,738/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം രേഖാമൂലം അറിയിക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

തടസ്സപ്പെടുത്തിയ തുക**-85,738/-** രൂപ

ഓഡിറ്റ് എൻക്വയറി നം**. 18/30.08.25**

## 1-16 സെക്രട്ടറിയുടെ പ്രോജക്ടുകൾ- വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2024-25 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമ.നം. | പ്രോജക്ട് നം./പേര് | തുക കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക₹ | ബിൽ നം./ചെക്ക് നം/ യു.റ്റി.ആർ നം, തീയതി |
|---|---|---|---|---|
| 1 | 208/25-മൊബൈൽ ട്രീറ്റ് മെന്റ് യൂണിറ്റ് – ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | 100000/- | യു.റ്റി.ആർനം- RBI0902543872676, 30-3-25 |
| 2 | 209/25 ABC സെന്റർ-ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ | ജില്ലാ പഞ്ചായത്ത് | 100000/- | XVFC/2024-25/P/112,18-03-25 |

മേൽ പദ്ധതികളുടെ പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 2,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം**.- 20/30.08.25**

തടസ്സപ്പെടുത്തുന്ന തുക- **2,00,000/-** രൂപ

## 1-17 അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ-ആരോഗ്യവുമായി ബന്ധപ്പെട്ട ഇടപെടീൽ- മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

2024-25 ൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം മുൻകൂർ തുക ചെലവഴിച്ചെങ്കിലും മരുന്ന് പൂർണ്ണമായി ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | പെർഫോമ ഇൻവോയിസ് | നൽകിയ തുക (രൂപ) | ലഭ്യമായ മരുന്നിന്റെ വില(രൂപ) | ലഭ്യമാകാനുള്ള മരുന്നിന്റെ വില(രൂപ) |
|---|---|---|---|---|
| 95/25-അതിദരിദ്രർക്കുള്ള മൈക്രോപ്ലാൻ- ആരോഗ്യവുമായി ബന്ധപ്പെട്ട ഇടപെടീൽ അടങ്കൽ തുക-1,50,000/- രൂപ ചെലവ്-1,00,000/-രൂപ (50,000/- -വികസന ഫണ്ട് ജനറൽ, 50,000/--ബ്ലോക്ക് ഷെയർ) | 13992@N/2024/9 തീയതി 26-9-24 | 1,00,000/- (ബിൽ നം.44 തീയതി 25.03.25,ബിൽ നം.45 തീയതി 25.03.25) | 50,000/- | 50,000/- |

മരുന്നുകൾ ലഭ്യമാകാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 50000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – **50,000/-**രൂപ

ഓഡിറ്റ് എൻക്വയറി നം**. 11/29.8.2025**

## 1-18 "ആർദ്രം പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കൽ" പദ്ധതി-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ജീവനക്കാരെ നിയമിച്ചു :

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി "ആർദ്രം പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കൽ " എന്ന പദ്ധതി (111/25), (90/25) നടപ്പാക്കിയിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

പതിനാലാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022) പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെയും ഒരു പാരാ മെഡിക്കൽ സ്റ്റാഫിനെയും മാത്രം നിയമിക്കുന്നതിനാണ് സർക്കാർ അനുമതിയുള്ളത്. എന്നാൽ മേൽ പറഞ്ഞ സ്പിൽ ഓവർ പ്രോജക്ടിൽ (111/25) ഉൾപ്പെടുത്തി ജനുവരി 2024 ൽ 2 സ്റ്റാഫ് നഴ്സിനും ഒരു ഫാർമസിസ്റ്റിനും, ഫെബ്രുവരി 2024, മാർച്ച് 2024 എന്നീ മാസങ്ങളിൽ 2 സ്റ്റാഫ് നഴ്സിനും വേതനം നൽകിയിട്ടുണ്ട്. പ്രോജക്ട് (90/25) ഉൾപ്പെടുത്തി ഓഗസ്റ്റ് 2025-ൽ 2 സ്റ്റാഫ് നഴ്സിനും ഒരു ഫാർമസിസ്റ്റിനും വേതനം നൽകിയിട്ടുണ്ട്. 2025 സാമ്പത്തിക വർഷത്തിലെ ബാക്കി മാസങ്ങളിൽ ഒരു സ്റ്റാഫ് നഴ്സിന് മാത്രമാണ് വേതനം നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു .

| കാലയളവ് | പേര്,തസ്തിക | വേതനം (രൂപ) | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 01/2024 | ശ്രീമതി പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 3/24.5.24 |
| | ശ്രീമതി അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| | ശ്രീ ഷൈൻ ബഷീർ, ഫാർമസിസ്റ്റ് | 17,000/- | |
| 02/2024 | ശ്രീമതി പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 2/24.5.24 |
| | ശ്രീമതി അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| 03/2024 | ശ്രീമതി പാർവതി എസ്, സ്റ്റാഫ് നേഴ്സ് | 17,000/- | 1/24.5.24 |
| | ശ്രീമതി അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 17,000/- | |
| 08/2025 | ശ്രീമതി സ്നേഹ, സ്റ്റാഫ് നേഴ്സ് | 24,520/- | 23/27.9.24 |
| | ശ്രീമതി അമലാരാജൻ, സ്റ്റാഫ് നേഴ്സ് | 24,520/- | |
| | ശ്രീമതി ലിജി, ഫാർമസിസ്റ്റ് | 24,520/- | |

തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും, പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുന്നത് സംബന്ധിച്ച 25.10.2023- ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ എ.1/363/2023 നമ്പർ സർക്കുലറിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിക്കാവുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധിക ജീവനക്കാരെ നിയമിച്ച് വേതനം നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്, ഒ.പി. സമയം വർദ്ധിപ്പിച്ചപ്പോൾ കൂടുതൽ ജീവനക്കാരെ ആവശ്യമായി വന്നതിനാലാണ് നിയമിച്ചതെന്നും നിലവിൽ ഒരു പാരാമെഡിക്കൽ സ്റ്റാഫ് മാത്രമാണ് ഉള്ളതെന്നും മറുപടി ലഭ്യമാക്കി. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം ജീവനക്കാരെ നിയമിച്ച് വേതനം നൽകിയതിന്മേൽ 24.04.25-ലെ വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ ഖ: 4-19 ന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**.-12/29.08.25**

## 1-19 തെരുവ് വിളക്ക് പരിപാലനം- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേരും, നമ്പരും | തെരുവ് വിളക്ക് മെയിന്റനൻസ് ജീവനക്കാർക്ക്-വേതനം നൽകൽ (8/25) |
| അടങ്കൽ തുക | 3,00,000/-രൂപ ( തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 3,00,000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി കരാറുകാരന് നൽകിയ വേതനമിനത്തിൽ 3,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് 183/24 സ്പിൽ ഓവർ പ്രകാരം 65,472/- രൂപ ചെലവഴിച്ചിരുന്നു. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച 15.09.2011-ലെ 3055/ഡിഎ3/2011/തസ്വഭവ ഉത്തരവ് പ്രകാരം പരാതി രജിസ്റ്റർ പരിപാലിക്കുകയും, പോസ്റ്റുകളിൽ നിന്ന് അഴിച്ചു മാറ്റുന്ന കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കുകയും, സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റിക്കൺസിൽ ചെയ്യുകയും ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതായി കാണുന്നില്ല. ആയതിനാൽ മെയിന്റനൻസിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ സംക്ഷിപ്ത വിവരം ലഭ്യമല്ല.

2) മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്ക് പരിപാലനം സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് സുതാര്യമായി നടത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**. 17/30-08-25**

## 1-20 മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ്-ഒരു ലാപ്പ് ടോപ്പ് വിതരണം ചെയ്തില്ല

പദ്ധതി : 22/ 25- മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്പ് വിതരണം

അടങ്കൽ – 150,000/-രൂപ (വികസന ഫണ്ട് - 85981, തനത് ഫണ്ട് - 64019)

ചെലവ് – 64019/- രൂപ (വൗച്ചർ നം 22401180/24.03.25 )

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 3 ലാപ്പ് ടോപ്പുകൾ വാങ്ങിയെങ്കിലും രണ്ടെണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളു. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, അർഹതയുള്ള ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ടെന്നും അപേക്ഷ ലഭിച്ചാൽ ഉടൻ തന്നെ ലാപ് ടോപ്പ് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ വാങ്ങുമ്പോൾ ഗുണഭോക്താക്കളുടെ അർഹത പൂർണമായും പരിശോധിച്ചതിനു ശേഷം മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രകാരം വാങ്ങുകയും വിതരണം ചെയ്യാതെ അവശേഷിക്കുകയും ചെയ്യുന്ന ലാപ് ടോപ്പ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ ഗുണഭോക്താവിന് വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നംപർ **14/ 29.08.25**

## 1-21 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1.പോത്തുകുട്ടി വളർത്തൽ(ജനറൽ100/24-25)

| അടങ്കൽ₹ | ചെലവ്₹ |
|---|---|
| വികസന ഫണ്ട് സാധാരണ വിഹിതം- 4,50,000/- രൂപ | ബിൽ നമ്പർ/ തീയതി<br>1.11/13.03.25 -2,77,500/-രൂപ<br>2.12/13/03/2025-90,000/-രൂപ<br>3. 17/22.03.25-82,500/- രൂപ |
| ഗുണഭോക്തൃ വിഹിതം- 4,50,000/- രൂപ | ചെക്ക്നമ്പർ/വൌച്ചർനമ്പർ/തീയതി<br>1. 005004/22400910.30/01/25- 2,77,500/-രൂപ<br>2. 212773/22401137/18.03.25. - 90,000/-രൂപ<br>3. 005098/22401199/27.03.25 82,500/-രൂപ |

6-8 മാസം പ്രായമുള്ള പോത്തുകുട്ടികളെ 7,500/-രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കി വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ പ്രകാരം മേൽ പ്രോജക്ടിന് പോത്തുകുട്ടി ഒന്നിന്റെ വിലയുടെ 50% സബ്സിഡിയും, 50% ഗുണഭോക്തൃ വിഹിതവുമാണ് അനുവദനീയമായിട്ടുള്ളത്. മോഡേൺ ഫാം, മണപ്പള്ളി നോർത്ത്, തഴവയിൽ നിന്ന് 60 പോത്തുകുട്ടികളെ 7,500/-രൂപ നിരക്കിൽ വാങ്ങിയതിന്റെ ബിൽ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ/ തീയതി | പോത്തുകുട്ടികളുടെ എണ്ണം | ഒരു പോത്തുകുട്ടിയുടെ വില | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| 1)085/ 20.02.2025 | 37 | 7,500/- രൂപ | 2,77,500/- രൂപ |
| 2)083/20.02.2025 | 12 | 7,500/- രൂപ | 90,000/- രൂപ |
| 3)154/17.03.25 | 11 | 7,500/- രൂപ | 82,500/- രൂപ |
| ആകെ | 60 | | 4,50,000/-രൂപ |

ഹാജരാക്കിയ ഇൻവോയിസ് പ്രകാരം 60 പോത്തു കുട്ടികൾക്ക് സബ്സിഡി, ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പെടെ 4,50,000/- രൂപയുടെ ചെലവാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ മോഡേൺ ഫാമിന് 9,00,000/-രൂപ നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് പോത്തുകുട്ടി ഒന്നിന് 15,000/- രൂപ പ്രകാരം 60 പോത്തുകുട്ടികളെ മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ പുതിയ ഇൻവോയിസുകൾ ഹാജരാക്കിയിട്ടുണ്ട്. 60 പോത്തുകുട്ടികളെ വിതരണം ചെയ്തതിന്റെയും ഇൻഷുറൻസ് എടുത്തതിന്റെയും രേഖകളും ഹാജരാക്കിയിട്ടുണ്ട്.

2. പോത്തുകുട്ടി വളർത്തൽ(എസ്.സി.പി.101/24-25)

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട്സാധാരണവിഹിതം-5,48,494/-രൂപ | ബിൽ നമ്പർ/ തീയതി 1.13/13.03.25- 1,80,000/-രൂപ<br>2.15/*22.03.25*- 1,43,494/-രൂപ<br>3.09/12.02.25 2,25,000/-രൂപ |
| തനത് ഫണ്ട്- 14,006/- രൂപ | ചെക്ക്നമ്പർ/വൌച്ചർനമ്പർ/തീയതി<br>005092/22401173/24/24.03.25-14,006/-രൂപ |
| ഗുണഭോക്തൃ വിഹിതം- 1,87,500/-രൂപ | തൻവർഷം-1,35,000/-രൂപ<br>ചെക്ക്നമ്പർ/വൌച്ചർനമ്പർ/തീയതി-<br>1.212773/22401138/18.03.25-60,000/-രൂപ<br>2.005051/22401028/21.02.25 75,000/-രൂപ<br>3.52,500/-(2025-26 വർഷം സ്പിൽ ഓവറായി നടപ്പാക്കി ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുക ചെലവഴിച്ചു) |

6-8 മാസം പ്രായമുള്ള പോത്തുകുട്ടികളെ 3,750/-രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കി വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖ പ്രകാരം മേൽ പ്രോജക്ടിന് പോത്തുകുട്ടി ഒന്നിന്റെ വിലയുടെ 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവുമാണ് അനുവദനീയമായിട്ടുള്ളത്. മോഡേൺ ഫാം, മണപ്പള്ളി നോർത്ത്, തഴവയിൽ നിന്ന് 50 പോത്തുകുട്ടികളെ ഒന്നിന് 11,250/-രൂപ നിരക്കിൽ വാങ്ങിയതിന്റെ ബിൽ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ/ തീയതി | പോത്തുകുട്ടികളുടെ എണ്ണം | ഒരു പോത്തുകുട്ടിയുടെ വില | ആകെ വില |
|---|---|---|---|
| 1)084/ 20.02.2025 | 16 | 11,250/- രൂപ | 1,80,000/-രൂപ |
| 2)087/17.03.2025 | 14 | 11,250/- രൂപ | 1,57,500/- രൂപ |
| 3)154/22.03.25 | 20 | 11,250/- രൂപ | 2,25,000/- രൂപ |
| ആകെ | 50 | | 5,62,500/-രൂപ |

ഇൻവോയിസ് പ്രകാരം 50 പോത്തു കുട്ടികൾക്ക് സബ്സിഡി, ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പെടെ 5,62,500/- രൂപയുടെ ചെലവാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ മോഡേൺ ഫാമിന് തൻവർഷം 6,97,500/-രൂപയും 2025-26 വർഷം സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 52,500/-രൂപയുമടക്കം (ഗുണഭോക്തൃ വിഹിതം) 7,50,000/-രൂപ നൽകിയിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്, പോത്തുകുട്ടി ഒന്നിന് 15,000/- രൂപ പ്രകാരം 50 പോത്തുകുട്ടികളെ മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ പുതിയ ബിൽ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 50 പോത്തുകുട്ടികളെ വിതരണം ചെയ്തതിന്റെയും ഇൻഷുറൻസ് എടുത്തതിന്റെയും രേഖകളും ഹാജരാക്കിയിട്ടുണ്ട്.

3. അടുക്കള മുറ്റത്തെ കോഴി വളർത്തൽ(ജനറൽ)(103/25)

| അടങ്കൽ | ചെലവ് |
|---|---|
| വികസന ഫണ്ട് സാധാരണ വിഹിതം-2,50,000/- രൂപ | ബിൽ നമ്പർ/ തീയതി<br>1.16/*22.03.25* -1,29,400/- രൂപ<br>2. 06/10.01.25-1,20,600/- രൂപ |
| തനത് ഫണ്ട്-200/-രൂപ | വൌച്ചർനമ്പർ/തീയതി<br>22401174/24.03.25-200/-രൂപ |
| ഗുണഭോക്തൃ വിഹിതം- 20,850/- രൂപ | ചെക്ക്നമ്പർ/വൌച്ചർനമ്പർ/തീയതി<br>1.22400909/30.01.25-10,050/-രൂപ<br>2.005092/22401175/24.03.25-10,800/-രൂപ |

60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ഒന്നിന് 130/- രൂപ നിരക്കിൽ ( പദ്ധതി വിഹിതം 120/- , ഗുണഭോക്തൃ വിഹിതം-10) 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. മേൽ പ്രോജക്ടിന് താഴെ ചേർക്കും പ്രകാരം ഇൻവോയിസ് നല്കിയിട്ടുണ്ട്.

| ഇൻവോയിസ് നമ്പർ/തീയതി | കോഴികുഞ്ഞുങ്ങളുടെ എണ്ണം | ഒരു കോഴികുഞ്ഞിന്റെ വില | ആകെ |
|---|---|---|---|
| 1)എം.എസ്. എഗ്ഗർ നഴ്സറി 70/ 15.03.2025 | 1080 | 120/- രൂപ | 1,29,600/-രൂപ |
| 2)ത്രിവേണി എഗ്ഗർ നഴ്സറി | 1005 | 120/- രൂപ | 1,20,600/- |

| | | | |
|---|---|---|---|
| ഇൻവോയിസ് നമ്പർ/തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. | | | രൂപ |
| ആകെ | 2085 | | 2,50,200/- രൂപ |

ഇൻവോയിസ് പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് സബ്സിഡി, ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പെടെ 2,50,200/- രൂപയുടെ ചെലവാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ എഗ്ഗർ നഴ്സറികൾക്ക്, (എം.എസ്. എഗ്ഗർ നഴ്സറി, ത്രിവേണി എഗ്ഗർ നഴ്സറി) സബ്സിഡി, ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പെടെ 2,71,050/-രൂപ നൽകിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്, കോഴിക്കുഞ്ഞ് ഒന്നിന് 130/- രൂപ നിരക്കിൽ 2085 കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികളിൽ നിന്നും വാങ്ങിയതിന്റെ പുതിയ ബിൽ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. കൂടാതെ 417 പേർക്ക് 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റ് വിതരണം നടത്തിയതിന്റെ രേഖകളും ഹാജരാക്കിയിട്ടുണ്ട്.

4.അടുക്കള മുറ്റത്തെ കോഴി വളർത്തൽ(എസ്.സി.പി.104/24-25)

| അടങ്കൽ | ചെലവ് |
|---|---|
| വികസന ഫണ്ട് സാധാരണ വിഹിതം- 1,00,000/- രൂപ | ബിൽ നമ്പർ/ തീയതി<br>1.10/21.02.25-64,800/-രൂപ |
| ഗുണഭോക്തൃ വിഹിതം- 8,350/- രൂപ | ചെക്ക്നമ്പർ/വൌച്ചർനമ്പർ/തീയതി<br>1.005092/22401189/24.03.25-5,400/- രൂപ |

60 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ഒന്നിന് 130/- രൂപ നിരക്കിൽ ( പദ്ധതി വിഹിതം 120/- രൂപ, ഗുണഭോക്തൃ വിഹിതം-10/-രൂപ) 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. മേൽ പ്രോജക്ടിന് താഴെ ചേർക്കും പ്രകാരം ഇൻവോയിസ് നല്കിയിട്ടുണ്ട്.

| ഇൻവോയിസ് നമ്പർ/തീയതി | കോഴികുഞ്ഞുങ്ങളുടെ എണ്ണം | ഒരു കോഴികുഞ്ഞിന്റെ വില | ആകെ |
|---|---|---|---|
| 1) എം.എസ്. എഗ്ഗർ നഴ്സറി 71/ 5.02.2025 | 540 | 120/- രൂപ | 64,800/- രൂപ |
| ആകെ | 540 | | 64,800/- രൂപ |

ഇൻവോയിസ് പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് സബ്സിഡിയായി 59,400/-രൂപയും ഗുണഭോക്തൃ വിഹിതമിനത്തിൽ 5,400/-രൂപയുമടക്കം 64,800/-രൂപയുടെ ചെലവാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ എഗ്ഗർ നഴ്സറിയ്ക്ക്, വികസന ഫണ്ട്, ഗുണഭോക്തൃ വിഹിതം എന്നിവ ഉൾപ്പെടെ 70,200/-രൂപ നൽകിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക്, കോഴിക്കുഞ്ഞ് ഒന്നിന് 130/-രൂപ നിരക്കിൽ 540 കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറിയിൽ നിന്നും വാങ്ങിയതിന്റെ പുതിയ ബിൽ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. 108 പേർക്ക് 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റ് വീതം വിതരണം നടത്തിയതിന്റെ രേഖകളും

ഹാജരാക്കിയിട്ടുണ്ട്.

മേൽ പ്രോജക്ടുകളിലെല്ലാം ഗുണഭോക്തൃ വിഹിതം ഉൾപ്പെടാത്ത കുറഞ്ഞ വിലയ്ക്കുള്ള ഇൻവോയ്സ് ആദ്യം ഹാജരാക്കുകയും വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകിയതിനെ തുടർന്ന് കൂടിയ വിലയ്ക്കുള്ള പുതിയ ബിൽ രേഖകൾ ഹാജരാക്കുകയും ചെയ്തതിൽനിന്നും പദ്ധതി നിർവഹണത്തിൽ സുതാര്യത പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ **- 8/27.08.25**

## 1-22 പൊതു ടാപ്പുകളുടെ വെള്ളക്കരം- ഗ്രാമ പഞ്ചായത്തിന് വലിയ തുക ബാദ്ധ്യതയായി നിൽക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേരും, നമ്പരും | പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ (7/25) |
| അടങ്കൽ തുക | 650300/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവഴിച്ച തുക | 5,60,527/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 5,60,527/-രൂപ ചെലവഴിച്ചിട്ടുണ്ട്. 123/25 സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി 1,52,871/- രൂപയും ചെലവഴിച്ചിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി അടവാക്കിയ 1,52,871/- രൂപ കേരള വാട്ടർ അതോറിറ്റി അക്കൌണ്ട് ചെയ്തിട്ടില്ല. പ്രസ്തുത തുക കൂടി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ 2025 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം 2,31,11,123/-രൂപ ഗ്രാമ പഞ്ചായത്ത് അടവാക്കാനുണ്ട്. വെള്ളക്കരമിനത്തിൽ ഗ്രാമ പഞ്ചായത്തിന് വലിയ തുക ബാദ്ധ്യതയായി നിൽക്കുന്നു. 42 ടാപ്പുകൾക്കുള്ള കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ ഡിമാന്റ് 50,957/-രൂപയാണ്. ആയതിനോടൊപ്പം കുടിശ്ശികയും അതിന്റെ പിഴയും കൂടിയാണ് വൻ തുക അടവാക്കാൻ ഉള്ളത്. ഫീൽഡ് പരിശോധനയിൽ 31 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് എന്ന് കണ്ടെത്തിയതിനാൽ ബാക്കിയുള്ള ടാപ്പുകളുടെ കണക്ഷൻ ഫെബ്രുവരി 2023 ന് റദ്ദ് ചെയ്തിരുന്നു. എന്നാൽ 31 ടാപ്പുകൾക്ക് പകരം 42 ടാപ്പുകൾക്കുള്ള വെള്ളക്കരത്തിനാണ് വാട്ടർ അതോറിറ്റി ഇപ്പോഴും ഡിമാന്റ് ചെയ്യുന്നത്. മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരമിനത്തിൽ അടവാക്കിയ 1,52,871/- രൂപ കേരള വാട്ടർ അതോറിറ്റി അക്കൌണ്ട് ചെയ്യാത്തത് ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ അധികൃതരും ഭരണസമിതിയും കൈക്കൊള്ളേണ്ടതാണ്. ഡിമാന്റ് ചെയ്യുന്ന ടാപ്പുകളുടെ എണ്ണം 31 ആക്കുന്നതിനും വെള്ളക്കരമിനത്തിലുള്ള കുടിശ്ശിക കണക്ക് തീർപ്പാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**. 16/30-8-25**

## 1-23 പത്ര പരസ്യത്തിന് രണ്ട് തവണ തുക നൽകി

പ്രോജക്ട് നം.2/25-പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് പ്രവർത്തനങ്ങൾ

അടങ്കൽ-2,50,000/-രൂപ

ചെലവ്-2,48,925/-രൂപ

മേൽ പ്രോജക്ട് പ്രകാരം പത്രപരസ്യത്തിന്റെ ചാർജിനത്തിൽ രണ്ടു പ്രാവശ്യം തുക നൽകി. മലയാള മനോരമയ്ക്ക് ഇൻവോയ്സ് നം. KF0436006059/24-25/12.09.2024 പ്രകാരമുള്ള പരസ്യ ചാർജായ 12,674/-രൂപ ചെക്ക് നം. 4612/5.11.2024, ചെക്ക് നം.4660/5.12.24 എന്നീ രണ്ട് ചെക്കുകൾ മുഖേന ആകെ രണ്ടുതവണ നൽകിയിട്ടുണ്ട്. തുക അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 12,674/-രൂപ നിരാകരിക്കുന്നു. ത